"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം— ഹരിതസംരംഭങ്ങൾക്കുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചും, ഹരിത സംരംഭങ്ങളുടെ നോഡൽ ഓഫീസറെ നിയോഗിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2595/2023/LSGD തീയതി,തിരുവനന്തപുരം, 28-12-2023

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന 13.12.2023-ലെ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിത സംരംഭങ്ങൾക്കു സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ചുവടെ ചേർത്തിരിക്കും പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചും ചുമതലകൾ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ടെക്നിക്കൽ കമ്മിറ്റിയുടെ ഘടന.**

| | |
|---|---|
| അദ്ധ്യക്ഷൻ : | സംസ്ഥാന ആസൂത്രണ ബോർഡ് അംഗം (വികേന്ദ്രീകരണം) |
| ഉപാദ്ധ്യക്ഷൻ : | എക്സിക്യൂട്ടീവ് ഡയറക്ടർ, KSIDC |
| കൺവീനർ : | പ്രൊജക്റ്റ് ഡയറക്ടർ (വേസ്റ്റ് റ്റു എനർജി), KSIDC |
| കോർഡിനേറ്റർ : | അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്. |
| അംഗങ്ങൾ | 1.വാണിജ്യ വ്യവസായ ഡയറക്ടറുടെ പ്രതിനിധി,<br>2.കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധി,<br>3.K-DISC പ്രതിനിധി,<br>4.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി,<br>5.സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് പ്രതിനിധി, |

| | |
|---|---|
| | 6.ശുചിത്വ മിഷൻ പ്രതിനിധി,<br><br>7.മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി. |

ചുമതലകൾ.

(1) ഹരിതസംരംഭങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക സ്ക്രീനിംഗ്.
(2) സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകൽ
(3) ഫെസിലിറ്റേഷൻ
(4) സാങ്കേതിക സഹായം ലഭ്യമാക്കൽ.
(5) ഹരിത സംരംഭ വികസനത്തിനായി വിവിധ വകുപ്പുകൾ/ ഏജൻസികളുടെ ഏകോപനം.

കൂടാതെ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഹരിത സംരംഭങ്ങളുടെ നോഡൽ ഓഫീസർ ആയി തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി.ഗോപിക ഉദയൻ കെ.എ.എസ്-നെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
കുമാരി. ഗോപിക ഉദയൻ കെ.എ.എസ്., അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, KSIDC
കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (വികേന്ദ്രീകരണം)
കേരള സ്റ്റാർട്ടപ്പ് മിഷൻ
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
മാലിന്യ മുക്തം നവകേരളം സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 30-12-2023 10:15:04
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്